## അധ്വാന വർഗ്ഗത്തിനായി ആത്മസമർപ്പണം



# ആർ.എം. പരമേശ്വരന്റെ അരനൂറ്റാണ്ട്



പി. സുധാകൻ

തൊഴിലാളി സംഘടനകളുടെ ഈറ്റില്ലമാണ് കേരളം. ആദ്യകാല സമരങ്ങളെല്ലാം ഇതിഹാസങ്ങളായി മാറി. സമരനേതാക്കൾ ഇതിഹാസപുരുഷന്മാരുമായി. ആ നേതൃനിരയിൽ വേറിട്ട വ്യക്തിത്വവുമായി മുന്നേറിയ ഒറ്റയാനായിരുന്നു ആർ.എം.പി. എന്ന ആർ.എം. പരമേശ്വരൻ. ട്രേഡ് യൂണിയൻ രംഗത്ത് 50 വർഷം പിന്നിടുമ്പോൾ ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹത്തിന്റെ ജീവിതം നമ്മുടെ മുമ്പിലുണ്ട്. ഒരു നേതാവ് തന്റെ രാഷ്ട്രീയ സംശുദ്ധി എങ്ങനെ കാത്തുസൂക്ഷിക്കണം എന്നതിന് ദൃഷ്ടാന്തമാണ് ആ ധന്യ ജീവിതം.

വാമനപുരത്തിന് സമീപം കല്ലറ എന്ന കൊച്ചു ഗ്രാമത്തിൽ ആഢ്യ കുടുംബത്തിലായിരുന്നു ജനനം. 1946 വരെ ശ്രീമൂലം പ്രജാസഭയിൽ പ്രതിപക്ഷ നേതാവായിരുന്ന ദേശബന്ധു എസ്. കെ. നായർ മുതൽ കോട്ടയം ശങ്കുണ്ണിപ്പിള്ളവരെ നീളുന്ന വിപുലമായ ബന്ധുബലം. ആർഭാടപൂർണ്ണമായ ജീവിതം നയിക്കാനുള്ള ചുറ്റുപാടുകൾ ഉണ്ടായിട്ടും പാവപ്പെട്ട തൊഴിലാളുകളുടെ രക്ഷകനാകാനായിരുന്നു നിയോഗം.

സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ രാഷ്ട്രീയ ദൗത്യം തുടങ്ങിക്കഴിഞ്ഞിരുന്നു. അന്ന്സ്കൂളിൽ രണ്ട് സംഘടനകൾ മാത്രമെ പ്രവർത്തിച്ചിരുന്നുള്ളൂ. കെ.എസ്.എഫും പി.എസ്‌യുവും. രണ്ടും ഇടതുപക്ഷ സംഘടനകൾ പി.എസ്.യുവിന്റെ സ്കൂൾ യൂണിറ്റ് പ്രസിഡന്റായിരുന്നു പരമേശ്വരൻ. ടി.ജെ.ചന്ദ്ര ചൂഢനായിരുന്നു അന്നത്തെ സംസ്ഥാന പ്രസിഡന്റ്.

എം. ജി. കോളേജിൽ പഠിക്കുമ്പോൾ യൂണിയൻ ചെയർമാനായി. യൂണിവേഴ്സിറ്റി യൂണിയൻ

ചെയർമാൻ സ്ഥാനത്തേയ്ക്ക് മത്സ രിച്ചെങ്കിലും ഒരു വോട്ടിന തോറ്റു. തിരുവനന്തപുരം ലോ കോളേജിൽ എൽ.എൽ.ബിയുടെ ആദ്യ ബാച്ചി ന് ചേരുമ്പോൾ നടൻ സുകുമാരൻ തലേക്കുന്നിൽ ബഷീർ, കാവിയാട് ദിവാകര പണിക്കർ തുടങ്ങിയവർ സഹപാഠികളായി. ആദ്യത്തെ ഒരു വർഷം ഇന്റഗ്രേറ്റഡ് കോഴ്സ് ആയി രുന്നു. അതായാത് തോറ്റാൽ രണ്ടാം വർഷത്തിലേക്ക് പ്രവേശനമില്ല. ഇതി നെതിരെ ഫിലിപ്പ് എം. പ്രസാദുമായി ചേർന്ന് സമരം സംഘടിപ്പിച്ചു. തു ടർന്ന് ആർ.എം. പരമേശ്വരൻ, നടൻ സുകുമാരൻ, തലേക്കുന്നിൽ ബഷീർ എന്നിവരെ കോളേജിൽ നിന്നും പിരിച്ചുവിട്ടു. മാർക്ക് കുറഞ്ഞ വിദ്യാർ ത്ഥികളായിരുന്നു ഇവർ. പിരിച്ചുവി ടപ്പെട്ടവർ കേസ്സ് കൊടുത്തെങ്കിലും തോറ്റു.

കേസ് തോറ്റെങ്കിലും ചീഫ് സെക്രട്ടറിയായിരുന്ന ആർ. രാമചന്ദ്രൻ നായരുടെ ശുപാർശയിൽ എറണാകുളം ലോകോളേജിൽ ഈവനിംഗ് കോഴ്സിന് പ്രവേശനം ലഭിച്ചു. ഒപ്പം മലയാറ്റൂരിൽ ട്രാവൻ കൂർ കൊച്ചിൽ കെമിക്കൽസിൽ ഒരു ജോലിയും സംഘടിപ്പിച്ചു. ലോ കോളേജിൽ പരീക്ഷ എഴുതു മ്പോൾ ജയിലിലായിരുന്നു.

ആർ.എം. പരമേശ്വരൻ ആർ.എ സ്.പി. സ്റ്റേറ്റ് സെക്രട്ടറിയേറ്റ് മെമ്പറാ യിരിക്കവെയാണ് പാർട്ടി പിളർന്നത്. ആർ.എം.പി. തൃദീപ് കുമാർ ചൗധ രി നേതൃത്വം നൽകിയ അഖിലേന്ത്യ ആർ.എസ്.പി.യിൽ ഉറച്ചു നിന്നു. അടിയന്തിരാവസ്ഥക്കാലത്ത് പാർട്ടി സംസ്ഥാന സെക്രട്ടറിയായി. ഇടതുമുന്നണിയിൽ ഘടക കക്ഷി യുമായി. അടിയന്തിരാവസ്ഥയ്ക്ക് എതിരെ 14 ജില്ലകളിലും നിയമലം ഘനം നടത്തിയപ്പോൾ കൊല്ലം ജില്ലയിൽ ആർ.എം.പി.യായിരുന്നു സമരത്തിന് നേതൃത്വം നൽകിയത്.



ഒമ്പത് മാസം ജയിലിൽ കിടന്നു. അപ്പോഴേയ്ക്കും ജോലിയും പോയി. അന്ന് കേസ് വാദിച്ചത് ഇ.എം. എസ്. ആയിരുന്നു. രണ്ടാമത് മിസ പ്രകാരം അറസ്റ്റിലാകുമെന്ന് ഭയന്ന് ബംഗാ ളിലേയ്ക്ക് പോയി. അന്ന് ജെ.എൻ. യുവിൽ ചേരാൻ ശ്രമിച്ചെങ്കിലും കെമിസ്ട്രി കിട്ടാത്തതിനാൽ പഠിക്കാൻ കഴിഞ്ഞില്ല.

തിരിച്ച് കേരളത്തിൽ വന്നപ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ശിക്ഷയിൽ നിന്നും ഒഴിവാക്കി. അങ്ങനെ കൊല്ലത്ത് മുൻ മന്ത്രി ആർ.എസ്. ഉണ്ണിക്ക് എതിരെ സ്ഥാന ാർത്ഥിയായി. 9000 വോട്ടിന് ഉണ്ണി ജയിച്ചു. അതായിരുന്നു ആദ്യത്തെ തെരഞ്ഞെടുപ്പ് പോരാട്ടം. തുടർന്ന് 1982 ൽ നാഷണൽ ആർ.എസ്. പി. സ്ഥാനാർത്ഥിയായി വാമനപുരത്ത് മത്സരിച്ചു. നിസ്സാരവോട്ടിന് തോറ്റു. 1991 ൽ അതേ മണ്ഡലത്തിൽ വീ ണ്ടും മത്സരിച്ചെങ്കിലും നിസ്സാരവോ ട്ടിന് തോറ്റു. ഒരു പ്രാവശ്യം കോൺ ഗ്രസ്സിലെ എം. കുഞ്ഞു കൃഷ്ണപ ിള്ള ജയിച്ചതിന് ശേഷം ഇന്നുവരെ ഇടതുപക്ഷം മാത്രം വിജയിച്ച മണ്ഡലമാണിത്. നാളിതുവരെ യാ തൊരു വികസനവും ഉണ്ടാകാത്ത ഒരു മണ്ഡലമാണിതെന്ന ആർ.എം. പി. ചൂണ്ടിക്കാണിക്കുന്നു.

എറണാകുളം തട്ടകമായിരി ക്കുമ്പോൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിയൻ സം ഘടിപ്പിച്ചു. ഇലക്ഷന് തോറ്റവർക്ക് സ്ഥാനമാനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ചാലക്കുടി റിഫ്രാകുറീ

**തൊഴിലാളി സംഘടന കളുടെ ഈറ്റില്ലമാണ് കേരളം. ആദ്യകാല സമരങ്ങ ളെല്ലാം ഇതിഹാസങ്ങളായി മാറി. സമര നേതാക്കൾ ഇതി ഹാസപുരുഷന്മാരുമായി. ആ നേതൃനിരയിൽ വേറിട്ട വ്യക്തിത്വവുമായി മുന്നേറിയ ഒറ്റയാനായിരുന്നു ആർ.എം .പി. എന്ന ആർ.എം. പരമേ ശ്വരൻ. ട്രേഡ് യൂണിയൻ രംഗത്ത് 50 വർഷം പി ന്നിടുമ്പോൾ ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹ ത്തിന്റെ ജീവിതം നമ്മുടെ മുമ്പിലുണ്ട്. ഒരു നേതാവ് തന്റെ രാഷ്ട്രീയ സംശുദ്ധി എങ്ങനെ കാത്തുസൂക്ഷി ക്കണം എന്നതിന് ദൃഷ്ടാന്ത മാണ് ആ ധന്യ ജീവിതം.**

സ് ചെയർമാനായി. ദീർഘകാലം മുളവന ഹയർസെക്കന്ററി സ്കൂളി ന്റെ മാനേജരായിരുന്നു. 1942 മുതൽ പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റ്സ് അസോസിയേഷന്റെ പ്രസിഡന്റാണ്. ഇപ്പോൾ ചീഫ് അഡ്വൈസർ. ഇപ്പോ ഴും തൊഴിലാളി യൂണിയനുകളുടെ ഭാരവാഹിയാണ്.

84 വയസ്സുള്ള ആർ.എം. പി. ഇപ്പോഴും പൊതു പ്രവർത്തന ങ്ങളിൽ സജീവമാണ്. കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ഗോപാല പിള്ളയുടെ മകൾ ഗിരിജയാണ് ഭാര്യ. മകൻ അനൂപ് ഹൈക്കോട തിയിൽ പ്രാക്ടീസ് ചെയ്യുന്നു. മകൾ അർച്ചന പരമേശ്വരൻ ആൾ ഇൻ ഡ്യ റേഡിയോ ഉദ്യോഗസ്ഥയാണ്. ഭർത്താവ് അന്തരിച്ച ധനീഷ് ചന്ദ്രൻ (ഏഷ്യാനെറ്റ് ന്യൂസ് എഡിറ്ററായിരുന്നു) അമേയയാണ് അവരുടെ മകൾ.

